## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1949 | 19.06.2012-ൽ മറുപടിക്ക്.

### ട്രെയിൻ യാത്രക്കാരായ സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ഈ അടുത്ത കാലത്തായി ട്രെയിൻ യാത്രക്കാരായ സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ട്രെയിൻ യാത്രക്കാരായ സ്ത്രീകൾക്ക് എതിരായ അതിക്രമങ്ങൾ തടയുന്നതിനായി കേരള റെയിൽവേ പോലീസ് ട്രെയിനുകളിലും, റെയിൽവേ സ്റ്റേഷനുകളിലും ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയും, വനിതാ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പ് വരുത്തിയും, അതാത് റെയിൽവേ സ്റ്റേഷനുകളിലെ അതിർത്തിയിൽപ്പെട്ട ലോക്കൽ പോലീസുമായി സഹകരിച്ച് കൊണ്ട് അവരെ കൂടി ഉൾപ്പെടുത്തിയും കൂടുതൽ കർശനമായ സുരക്ഷാ നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല തിരുവനന്തപുരം റെയിൽവേ സൂപ്രണ്ട് ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന " റെയിൽ അലർട്ട് " (Help |

| | | | |
|---|---|---|---|
| | | | line) സംവിധാനം നിലവിൽ ഉള്ളതും ആയതിലേയ്ക്ക് വിളിക്കുന്ന നമ്പർ ആയ "9846200100" എല്ലാ ട്രെയിനുകളിലും യാത്രക്കാർക്ക് വ്യക്തമായി കാണാവുന്നവിധം പ്രദർശിപ്പിച്ചിട്ടുള്ളതുമാകുന്നു. |
| (സി) | ട്രെയിനിൽ സ്ത്രീ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്ത്രീകളുടെ കംപാർട്ട്മെന്റ് ട്രെയിനുകളുടെ മദ്ധ്യഭാഗത്താക്കണമെന്ന് റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ? | (സി) | സംസ്ഥാനത്ത് ഓടുന്ന എല്ലാ ട്രെയിനുകളിലും സ്ത്രീകളുടെ കംപാർട്ട്മെന്റ് ട്രെയിനുകളുടെ മദ്ധ്യഭാഗത്താക്കണമെന്ന് റെയിൽവേ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ